കെ.എസ്.എ.കെ.ടി.എം. പി4/1963/16 തീയതി: 30.12.16

# കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.08.2015 മുതൽ 31.03.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 21.12.2016-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം.വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മേരി ആൻഡ്രൂസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം. എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി റ്റി എസ് രമാദേവി | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ പി സി കുര്യൻ | 01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ സി. ഇ. വിജയൻ നായർ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ സജിത്ത് മാത്യൂസ് | 01.11.2015 മുതൽ 31.03.2016 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി .എസ് .ബിന്ദു | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ലിസി ആന്റണി | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ റ്റി. എൻ. രങ്കനാഥൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി ആൻസമ്മ കെ ജോസഫ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ ഹരികുമാർ വി. കെ. | 01.04.2015 മുതൽ 31.03.2016 വരെ |
| | ശ്രീ ബാബുരാജ് | 01.12.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ശ്രീ ആശിഷ് റ്റി | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി എൽ അംബിക | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീ അനിൽകുമാർ വി. വി. | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ ജോസഫ് എൻ. ജെ. | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ബ്ലസി ബേബി | 01.04.2015 മുതൽ 31.03.2016 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2 | ഒരേ ഉടസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം-പലമുറികളായി നികുതി നിർണ്ണയിച്ചു |
| 2-3 | വിവിധ ഓഡിറ്റോറിയങ്ങൾ-വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-4 | മൊബൈൽ ടവർ - വസ്തുനികുതി കുറവായി നിർണയിച്ചത് |
| 2-5 | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-6 | തൊഴിൽനികുതി |
| 2-7 | വാടകയിൽ 8.52 ലക്ഷം കുടിശിക - കുത്തകക്കാർ തുടരുന്നു |
| 2-8 | വാടക സെക്യൂരിറ്റി നിക്ഷേപം വാടകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിക്കുന്നില്ല |
| 2-9 | ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത-തനത് വരുമാന നഷ്ടം |
| 2-10 | ഉയർന്ന വിറ്റുവരവുള്ള വാണിജ്യങ്ങൾക്ക് പരമാവധി ഡി & ഓ ലൈസൻസ് ഫീസ് ചുമത്തിയില്ല |
| 2-11 | ഷാപ്പുകളും സ്വകര്യ പാരാമെഡിക്കൾ സ്ഥാപനങ്ങളും ഡി & ഓ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-12 | പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല |
| ഭാഗം 3 - ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | അവധിയിലായിരുന്ന കാലയളവിലെ ഓണറേറിയം കൈപ്പറ്റിയത്-ചട്ടങ്ങൾക്കു വിരുദ്ധം |
| 3-2 | തെരുവുവിളക്ക് സ്ഥാപിക്കൽ-അപാകതകൾ |
| 3-3 | ഇ-സാക്ഷരത – തുടർപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല |
| 3-4 | പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല |
| 3-5 | ആശ്രയ ഒന്നാം ഘട്ടം നിശ്ചലാവസ്ഥയിൽ |
| 3-6 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2016 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ പുതുക്കിയ ബജറ്റ് 03.03.2016 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 3461895 | 10575585 |
| വരവ് | 54053361 | 35391683 |
| ആകെ | 57515256 | 45967268 |
| ചെലവ് | 54684500 | 43126571 |
| നീക്കിയിരിപ്പ് | 2830756 | 2840697 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 22.06.2016 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 19.12.2016 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 10575585 |
| വരവ് | 35391683 |
| ആകെ | 45967268 |
| ചെലവ് | 43126571 |
| നീക്കിയിരിപ്പ് | 2840697 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 813073 | 6511343 (ട്രാൻസ്ഫർ ക്രഡിറ്റ്.1483600) | 7324416 | 7052213 | | 272203 | 96.28 |
| വികസനഫണ്ട് എസ്.സി.പി. | 40806 | 110700 | 1147806 | 842700 | | 305106 | 73.42 |
| വികസനഫണ്ട് ടി.എസ്.പി. | 28000 | 142000 | 170000 | 52489 | 23600 | 93911 | 44.76 |
| സംരക്ഷണഗ്രാന്റ് റോഡ് | 97978 | 2320000 | 2417978 | 2188484 | | 229494 | 96.10 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 152734 | 7380000 | 793234 | 7623640 | | 309094 | 90.51 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 396447 | 2680411 | 3076858 | 3070050 | | 6808 | 99.78 |
| പെർഫോമൻസ് ഗ്രാന്റ് | 2160000 | 0 | 2160000 | 485519 | 1460000 | 214481 | 90.98 |

വാർഷികകണക്ക് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 813073 | 4755540 TC-1483600 | 7052213 | 7052213 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 40806 | 801894 | 842700 | 842700 | | 0 |
| വികസനഫണ്ട് ടി.എസ്.പി. | 28000 | 71689 | 99689 | 76089 | 23600 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 97978 | 2090506 | 2188484 | 2188484 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 152734 | 7470906 | 7623640 | 7623640 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 396447 | 2673603 | 3070050 | 3070050 | | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2160000 | 1245519 | 3405579 | 1945519 | 1460000 | 0 |

## 1-6 പദ്ധതി അവലോകനം

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2015/DPC/DPO/KTM തീയതി 11.06.2016പ്രകാരം അംഗീകാരം ലഭിച്ചു.

ഗ്രാമസഭകളുടെ പ്രവർത്തനം

പഞ്ചായത്തിലെ 2015-16 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭായോഗം ചേരേണ്ടതാണ്.

പഞ്ചായത്തിലെ 14 വാർഡുകളിലും 5/15 ന ശേഷം 2/16 ലാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള യോഗങ്ങൾ മാത്രമായി മാറുന്നു.

2016-17 വർഷത്തെ ഗ്രാമസഭകൾ കൃത്യമായി നടത്തുന്നതിനും, (മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും കോറം തികയുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത ഉദ്യോഗസ്ഥർ, വി.ഇ.ഒ എന്നിവരെ ഗ്രാമസഭായോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസനപദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗണനകൾ നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും

നേട്ടങ്ങൾ

- ഇ-സാക്ഷരത പരിപാടി,വനിതകൾക്ക് ഭവന നിർമ്മാണം , പൈപ്പ് കംപോസ്റ്റ്,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സഹായം തുടങ്ങിയ പദ്ധതികൾ സേവന മേഖലയിൽ നടപ്പിലാക്കി
- അംഗന വാടി പുനരുദ്ധാരണം,കാർഷിക വിപണന കേന്ദ്രം നിർമ്മാണം, മാർക്കറ്റ് പുനരുദ്ധാരണം തുടങ്ങിയ പ്രോജക്റ്റുകൾ പശ്ചാത്തല മേഖലയിൽ നടപ്പിലാക്കി

കോട്ടങ്ങൾ

- കൃഷി ഓഫീസർ ഒരു പ്രോജക്റ്റ് മാത്രമാണ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തത്.
- വാർഷിക പദ്ധതിക്ക് വേണ്ടി 1.78 കോടിയിലധികം രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നെങ്കിലും 7931804 രൂപ മാത്രമാണ് ചെലവഴിച്ചത്(ചെലവ് ശതമാനം 44)
- സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പ്രോജക്റ്റുകൾ ഏറ്റെടുത്തിട്ടില്ല.
- അംഗന വാടി നിർമ്മാണം,വെയിറ്റിംഗ് ഷെഡ് നിർമ്മാണം,കാഞ്ഞിരമറ്റം കോളനി നവീകരണം, തെരുവു വിളക്ക് മീറ്റർ സ്ഥാപിയ്ക്കൽ എന്നിവയ്ക്കായി തുക വകയിരുത്തിയിരുന്നുവെങ്കിലും പ്രോജക്റ്റ് നടപ്പിലാക്കിയല്ല

## 1-7 തനതു വരുമാനം

മുൻവർഷത്തേക്കാൾ പഞ്ചായത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 46 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4557994 | 3977684 | 580310 | -13 |
| നികുതിയേതര വരവുകൾ | 1985296 | 2367946 | 382650 | +19 |
| മറ്റു വരവുകൾ | 5255397 | 23332 | 5232065 | -99 |
| ആകെ | 11798687 | 6368962 | 5429725 | 46 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53760 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 2631090 | 332 |
| വിധവാപെൻഷൻ | 3404480 | 351 |
| വാർദ്ധക്യകാലപെൻഷൻ | 5297640 | 875 |
| വികലാംഗപെൻഷൻ | 1468530 | 151 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 291840 | 31 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2016 തീയതി 03.00 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 738/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഡി.സി.ബി തയ്യാറാക്കുന്നതിൽ അപാകത: വസ്തു നികുതി, സ്ഥാപനങ്ങൾ ടെയ്ഡേഴ്സ് തുടങ്ങിയവരുടെ തൊഴിൽ നികുതി, വാടക, ഡി & ഒ ലൈസൻസ് ഫീസ് തുടങ്ങിയ ഇനങ്ങളുടെ ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ വിശദാംശങ്ങൾ ചേർത്ത് ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി ആകെത്തുക കണക്കാക്കേണ്ടതാണ്. രജിസ്റ്ററിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടതും ടി പത്രികയിൽ നിന്നും ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഡിമാന്റ് രജിസ്റ്ററുകളിൽ നികുതിദായകന്റെയും അടവാക്കിയ നികുതിയുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്താനും ശ്രദ്ധിക്കേണ്ടതാണ്.

ദുരിതാശ്വാസനിധി സമാഹരിക്കുന്നില്ല: ഈയിനത്തിൽ 31.03.2016-ൽ പഞ്ചായത്ത് ഫണ്ടിലുള്ള തുക ബാങ്ക് അക്കൗണ്ട് പ്രകാരം 1,017/- രൂപയാണ് (സാംഖ്യ കണക്ക് ശീർഷകം- 450230105). അടിയന്തിരാവശ്യങ്ങൾക്ക് ഉപകരിക്കേണ്ട ദുരിതാശ്വാസനിധി സമാഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് : പഞ്ചായത്തിൽ പ്ലാൻ സ്റ്റോക്ക് രജിസ്റ്റർ, കണ്ടിജന്റ് സ്റ്റോക്ക് രജിസ്റ്റർ എന്നിങ്ങനെ 2 സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചുവരുന്നു. തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾക്കായി നടത്തിയ വാങ്ങലുകൾ പ്ലാൻ സ്റ്റോക്ക് രജിസ്റ്ററിലും മറ്റു വാങ്ങലുകൾ കണ്ടിജന്റ് സ്റ്റോക്ക് രജിസ്റ്ററിലും ചേർക്കുന്നു. പഞ്ചായത്തിലെ ആകെ സ്റ്റോക്കിന്റെ വിവരവും വിനിമയം, വാറന്റി തുടങ്ങിയ സ്റ്റോക്കിന്റെ ഉപയോഗക്രമം സംബന്ധിച്ച വിവരങ്ങൾ എന്നിവ സ്റ്റോക്കിലോ പഞ്ചായത്തിലെ രേഖകളിലോ പ്രതിഫലിക്കുന്നില്ല. അതിനാൽ ഓരോ ഇനങ്ങൾക്കും (വൈദ്യുതോപകരണങ്ങൾ, ഫോമുകളും രജിസ്റ്ററുകളും, ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ മുതലായവ) തുടർച്ചയായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഡി & ഓ ലൈസൻസ്: തൻവർഷം 366 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ടെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഡി & ഓ ലൈസൻസിന്റെ ഡിമാന്റ് കൃത്യമായി ക്രമീകരിക്കേണ്ടതാണ്.

മാന്വൽ രസീതുകൾ : മാന്വൽ രസീതുകൾ എഴുതുമ്പോൾ ഡബിൾ-സൈഡ് കാർബൺ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതുകളുടെ തീയതി നിർബന്ധമായും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ട്യൂട്ടോറിയൽ രജിസ്ട്രേഷൻ : ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 11/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.2003-23.08.2003 | 1997-98, 2002-03 | IV/84497/1265 തീ.07.11.2003 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യപത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

1. 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. തനത് ഫണ്ടിന് 2 ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു. കോട്ടയം ജില്ലാ സഹകരണ ബാങ്ക് കുറവിലങ്ങാട് ശാഖയിലുള്ള അക്കൗണ്ടിലാണ്( നം.05015203000001) പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ വിനിമയം നടക്കുന്നത്. കുറവിലങ്ങാട് സഹകരണ ബാങ്കിലുള്ള രണ്ടാമത്തെ തനത് ഫണ്ട് അക്കൗണ്ട് (നം.502) 2015-16 വർഷം ഇടപാടുകളില്ലാതെ നിലനിൽക്കുന്നു. ടി അക്കൗണ്ടിൽ പലിശമാത്രം ക്രഡിറ്റ് ചെയ്ത് 31.03.2016-ൽ 4,170/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയ ശേഷം ക്ലോസ് ചെയ്യേണ്ടതാണ്.
3. 2015-16 ൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ എല്ലാ മാസവും മാന്വലായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. തുടർന്നുള്ള മാസങ്ങളിൽ റീക്കൺസിലേഷൻ പത്രിക സാംഖ്യയിൽ തയ്യാറാക്കേണ്ടതാണ്.
4. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 2014-15 ൽ ലഭിച്ച തുകയിൽ 15,523/- രൂപ 31.03.2016-ലും പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.
5. സമ്പൂർണ്ണ ശുചിത്വ പ്രോഗ്രാമിലെ പൈപ്പ് കമ്പോസ്റ്റിനായി 2013-14 വർഷം ലഭിച്ച തുകയിൽ 57,751/- രൂപ 31.03.2016-ലും പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി അവശേഷിക്കുന്നു.
6. ശുചിത്വ മിഷൻ ഗ്രാന്റ് 7.31 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ 31.03.2016-ലും അവശേഷിക്കുന്നു.
7. പഞ്ചായത്തിൽ വാടക സെക്യൂരിറ്റി നിക്ഷേപം 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം 21,62,344/- രൂപയാണ്( സാംഖ്യ കണക്ക് ശീർഷകം-340200101). എന്നാൽ ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 8 മുറികൾ ലേലം ചെയ്തപ്പോൾ വാടക സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച 64 ലക്ഷം രൂപ ലേല സെക്യൂരിറ്റി തുകയിലാണ് ( സാംഖ്യ കണക്ക് ശീർഷകം-340100203) അക്കൗണ്ട് ചെയ്തിട്ടുള്ളത്.
8. ഡി & ഓ ലൈസൻസ് ഫീസ് 2014-15 വർഷം വരെയുള്ള കുടിശിക 14,300/- രൂപയുടെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല (ഷെഡ്യൂൾ ബി-15). ആയത് പിരിച്ചെടുത്ത് കുടിശിക തീർപ്പാക്കേണ്ടതാണ്.

## 2-2 വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ കെട്ടിടത്തിലെ വിവിധമുറികൾക്ക് വിവിധനമ്പറുകൾ നൽകി വവസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4- ചട്ടം 1- ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട

ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ,ഒരേ സമയം നികുതി നിർണ്ണയിച്ച, വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി. 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 40/- രൂപയാണ് ചുമത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ (ആർ ഡി ) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/തസ്വഭവ , അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും 100 ച.മീറ്ററിലധികമുള്ളതുമായ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 65-രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുള്ളതുമാണ്. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിനും നൂറ് ചതുരശ്രമീറ്ററിൽ താഴെ വിസ്തൃതിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചുമത്തിയതും പഞ്ചായത്തിന് നികുതി നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് , വിലാസം | കെട്ടിട നം | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി ച.മീന് 40- നിരക്കിൽ (20% വർദ്ധനവ് ഉൾപ്പെടെ) | നിർണ യിച്ച നികുതി (ആകെ) | നിർണ്ണയി ക്കേണ്ടി യിരുന്ന നികുതി 65- നിരക്കിൽ (20% വർദ്ധനവ് ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | ട്രസ്റ്റി, മാർത്ത മറിയം ഫൊറോനാ ചർച്ച് | 6/ 565 A | 6.439m2 | 310+16 | 463.7469 ച.മീന് ആകെ 22260+1113 | 36172 + 1809 |
| 2 | | B | 8.464 | 407+21 | | |
| 3 | | D | 47.488 | 2280+114 | | |
| 4 | | E | 28.7076 | 1378+69 | | |
| 5 | | F | 19.317 | 928+47 | | |
| 6 | | G | 47.284 | 2270+114 | | |
| 7 | | H | 48.151 | 2312+116 | | |
| 8 | | I | 31.0566 | 1491+75 | | |
| 9 | | J | 7.42 | 357+18 | | |
| 10 | | K | 13.1976 | 603+31 | | |
| 11 | | L | 22.3015 | 1018+51 | | |
| 12 | | N | 27.057 | 1235+62 | | |
| 13 | | O | 27.057 | 1235+62 | | |
| 14 | | P | 39.9566 | 1823+92 | | |
| 15 | | Q | 30.5 | 1392+70 | | |
| 16 | | R | 24.18 | 1045+53 | | |
| 17 | | S | 21.45 | 979+49 | | |
| 18 | | T | 13.72 | 594+30 | | |
| 19 | k.k.കുമാരൻ, കിഴക്കേടത്ത്, പകലോമറ്റം .പി.ഒ | 8/ 2 A | 30.74 | 1353+68 | 523.37 ച.മീ ന് ആകെ 25122+1256 | 40823+ 2041 |
| 20 | | B | 30.82 | 1357+68 | | |
| 21 | | C | 30.82 | 1357+68 | | |
| 22 | | D | 30.82 | 1357+68 | | |

| | | | | | |
|---|---|---|---|---|---|
| 23 | | E | 30.74 | 1353+68 | |
| 24 | | F | 30.82 | 1357+68 | |
| 25 | | G | 30.74 | 1353+68 | |
| 26 | | H | 30.59 | 1469+74 | |
| 27 | | I | 31.19 | 1498+75 | |
| 28 | | J | 30.74 | 1353+68 | |
| 29 | | K | 30.82 | 1357+68 | |
| 30 | | L | 30.82 | 1357+68 | |
| 31 | | M | 30.82 | 1357+68 | |
| 32 | | N | 30.74 | 1353+68 | |
| 33 | | O | 30.82 | 1357+68 | |
| 34 | | P | 30.74 | 1353+68 | |
| 35 | | Q | 30.59 | 1396+70 | |

നികുതി നിർണയം പരിശോധിച്ച് നികുതി പുനനിർണയിക്കേണ്ടതാണ്.

## 2-3 വിവിധ ഓഡിറ്റോറിയങ്ങൾ- വസ്തുനികുതി നിർണയിച്ചില്ല

പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന ഓഡിറ്റോറിയങ്ങൾക്ക് വസ്തുനികുതി നിർണയം നടത്തിയിട്ടില്ല. ആയത് പരിശോധിച്ച് നികുതി നിർണയിക്കേണ്ടതാണ്.

| ക്രമ നം | ഓഡിറ്റോറിയത്തിന്റെ പേര് |
|---|---|
| 1 | ഗാനം ഓഡിറ്റോറിയം, കുറവിലങ്ങാട് |
| 2 | നാഷണൽ ഓഡിറ്റോറിയം,കുറവിലങ്ങാട് |
| 3 | മാർത്തമറിയം ഫൊറോനാചർച്ച് ഓഡിറ്റോറിയം,കുറവിലങ്ങാട് |
| 4 | ജയ്ഗിരി ക്രിസ്തുരാജ് ചർച്ച്ഓഡിറ്റോറിയം |
| 5 | മുത്തിയമ്മ ഹാൾ, കുറവിലങ്ങാട് |
| 6 | സെഗിയോൻ ഹാൾ, കുറവിലങ്ങാട് |

## 2-4 മൊബൈൽ ടവർ - വസ്തുനികുതി കുറവായി നിർണയിച്ചത്

പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനനിർണയിച്ചതിൽചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം മറ്റു ടവറുകളെ അപേക്ഷിച്ച് കുറവായി കണക്കാക്കിയിരിക്കുന്നു. ഇവയുടെ നികുതി നിർണയിച്ച ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് അന്വേഷണകുറിപ്പ് നല്കിയെങ്കിലും ലഭ്യമാക്കിയില്ല. എന്നാൽ അന്വേഷണകുറിപ്പിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ജീവനക്കാർ സ്ഥലപരിശോധന നടത്തി ഓഡിറ്റ് നിഗമനം ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടവറുകളുടെ യഥാർത്ഥത്തിലുള്ള തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽനികുതി പുനനിർണയിച്ച് ഈടാക്കേണ്ടതാണ്.

| കെട്ടിടനം (പുതിയത്) | വാർഡിന്റെ പേര് | ഉടമയുടെ പേര് | നിലവിലെ തറ വിസ്തീർണ്ണം | നിർണയിച്ച നികുതി |
|---|---|---|---|---|
| 6/371 | കോളേജ് വാർഡ് | വയർലസ് സർവീസ് ലിമിറ്റഡ്, SL Plaza, പാലാരിവട്ടം | 4.5 ച.മീ | 1800+90 |
| 9/335 | ഗോവിന്ദപുരം വാർഡ് | K.M.മാത്യു, കിഴക്കേമറ്റത്തിൽ | 3 ച.മീ | 1850+83 |

| | | | | |
|---|---|---|---|---|
| 14/170 | തോട്ടുവ വാർഡ് | സബ്ഡിവിഷൻഎഞ്ചി. ബി.എസ്.എൻ.എൽ, പാല | 4.88 ച.മീ | 1952+98 |

## 2-5 സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

കുറവിലങ്ങാട് ടൗൺ പ്രദേശത്ത് 1958-ലെ കേരള മണി ലെൻഡേഴ്സ് നിയമം പ്രകാരമുള്ള ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ 2015-16 വർഷം പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു(ആധാരം-www.keralataxes.gov.in).

| ക്രമനം. | ലൈസൻസ്-നം. | ഡീലറുടെപേര് | സ്ഥാപനത്തിന്റെ പേരും വിലാസവും |
|---|---|---|---|
| 1 | 32050335971 | ബെന്നിച്ചൻ | 4 ഷെയർ ഫിനാൻസ്, കിഴക്കേടത്ത് ബിൽഡിംഗ്<br>ചർച്ച് ബിൽഡിങ്ങ്, കുറവിലങ്ങാട് |
| 2 | 32050335971 | | ഐശ്വര്യ ബാങ്കേഴ്സ്<br>തൻടിയാന്തറയിൽ ബിൽഡിങ്ങ്, |
| 3 | 32050498825 | സോന | ആൻസ് ഫിനാൻസിയേഴ്സ്<br>തലക്കൽ ബിൽഡിംഗ് |
| 4 | 32050332224 | - | ധനശ്രീ ചിട്ട്സ്& ഫിനാൻസ് , പുല്ലന്തിയിൽ ബിൽഡിംഗ് |
| 5 | 32050357795 | അജിത | കിഴക്കേടത്ത് ബാങ്ക്, കിഴക്കേടത്ത് ബിൽഡിംഗ് |
| 6 | 32050399037 | ശ്രീധരൻ | മൂൺസ്റ്റോൺ ഫിനാൻസ്,തെക്കുവേലിൽ ബിൽഡിംഗ്<br>പള്ളിക്കവല |
| 7 | 32050399059 | ജോസഫ് | പഴേപുരയ്ക്കൽ ഫിനാൻസ്,പഴേപുരയ്ക്കൽ ബിൽഡിംഗ്<br>സെൻട്രൽ ജംഗ്ഷൻ |

| | | | |
|---|---|---|---|
| 8 | 32050312255 | തോമസ് | പോപ്പുലർ ഫിനാൻസ്, പാലയ്ക്കാത്തടത്തിൽ ബിൽഡിംഗ് |
| 9 | 32050334204 | -- | സേക്രട്ട് ഹാർട്ട് ഫിനാൻസിയേഴ്സ് വഴുതനപ്പള്ളിൽ ബിൽഡിംഗ് |
| 10 | 32050315157 | -- | സുരക്ഷാ ബാങ്കേഴ്സ്,കൗച്ചിൻ സ്റ്റീൽ ബിൽഡിംഗ് ,കോഴ |
| 11 | 32050354858 | -- | വള്ളിപ്പാലം ബാങ്കേഴ്സ്, ചർച്ച് ബിൽഡിങ്ങ്, ചർച്ച് ജംഗ്ഷൻ |
| 12 | 32050492121 | ജോയ് | വിശ്വമാതാ ക്രെഡിറ്റ് അസോസിയേറ്റ്സ്, മാളിയേക്കൽ |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205-ാം വകുപ്പ് പ്രകാരമുള്ള ടേൺ ഓവറിന് ആനുപാതികമായ തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ചുമത്താത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. ഓഡിറ്റ് നടത്തിയ പരിമിത സമയത്ത് മേൽപറഞ്ഞ സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് കാര്യാലയത്തിനു സമീപം പ്രവർത്തിക്കുന്ന ടി സ്ഥാപനങ്ങളെ നാളിതുവരെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാൻ കഴിയാത്തത് നികുതി ഒടുക്കാനുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ഡിമാന്റു ചെയ്യുന്നതിനുള്ള പഞ്ചായത്തിലെ സംവിധാനത്തിന്റെ പാളിച്ച മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
തൊഴിൽ നികുതി ഡിമാന്റിൽ സംഭവിച്ച അപാകതയ്ക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടി ഹാജരാക്കിയില്ല . മേൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ തൊഴിൽ നികുതി ഡിമാന്റിൽ കൊണ്ടുവരേണ്ടതാണ്. കൂടാതെ സ്ഥാപനത്തിന്റെ വിറ്റുവരവ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയും ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽനികുതി

തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ ശ്രദ്ധയിൽപെട്ടു

1.സ്ഥാപന തൊഴിൽനികുതി-ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

- ഇൻഡസ് മോട്ടോഴ്സ് -2 -ാം അർദ്ധ വർഷം
- VFPCK തോട്ടുവ - 1&2അർദ്ധ വർഷം

  VFPCK കുര്യം - 1&2അർദ്ധ വർഷം

  - കൂടാതെ ഇരുചക്ര വാഹനങ്ങളുടെ വിൽപ്പന നടത്തുന്ന കൃപ മോട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 360 രൂപ മാത്രമാണ് രണ്ടു അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്
    2. ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
    ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം ജീവനക്കാരുടെയും / സ്ഥാപന തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
    1. Milk Society കുര്യം - 1&2 അർദ്ധ വർഷം

- 2. Milk Society തോട്ടുവ - 1&2അർദ്ധ വർഷം

3. Milk Society ,കുറവിലങ്ങാട് - 1&2അർദ്ധ വർഷം
4. ജെ.ആർ.ജി. ലിമിറ്റഡ്- 1&2അർദ്ധ വർഷം

3.ട്യൂട്ടോറിയൽ കോളേജുകളുടെ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ കോളേജുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്തിട്ടില്ല.

1. കോ ഓപ്പറേറ്റീവ് കോളേജ് ,കുറവിലങ്ങാട്

2. നിർമ്മല കോളേജ്, കുറവിലങ്ങാട്

4. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2015-16 വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1.ദേവസ്വം ഓഫീസ് ,കുറവിലങ്ങാട് -1 -ാം അർദ്ധ വർഷം

2.ജില്ലാ കൃഷി ഫാം തൊഴിലാളികൾ -2-ാം അർദ്ധ വർഷം

3.സെന്റ് മേരീസ് സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി-2-ാം അർദ്ധ വർഷം

4.ഇൻഡസ് മോട്ടോഴ്സ് -1&2 - അർദ്ധ വർഷം

5.കൃപ മോട്ടേഴ്സ് -1&2 - അർദ്ധ വർഷം

ടി ജീവനക്കാരിൽ നിന്നും /സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 2-7 വാടകയിൽ 8.52 ലക്ഷം കുടിശിക - കുത്തകക്കാർ തുടരുന്നു

പഞ്ചായത്തിന്റെ 2015-16 ധനകാര്യ പത്രികയിലെ 31.03.2016-ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടകക്കുടിശിക 8,52,563/- രൂപയാണ്. പ്രൈവറ്റ് ബസ് സ്റ്റാന്റിലെ പുതിയ ഷോപ്പിങ്ങ് കോംപ്ലെക്സിലെ 8 മുറികൾ 01.09.2015 മുതൽ വാടകയ്ക്ക് നൽകിയതിൽ വാടകയിനത്തിൽ കുത്തകക്കാരിൽ നിന്നും 5,34,400/-രൂപ കുടിശിക ഈടാക്കാനുണ്ട് (കുടിശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം). വിശദാംശം ചുവടെ

| കുത്തകക്കാരൻ | മുറി നം. | കുടിശിക കാലയളവ് | മാസവാടക | ആകെ |
|---|---|---|---|---|
| ത്രേസ്യാമ്മ എം.എസ് | 1 | 9/2015-3/2016(7 മാസം) | 20000/- | 140000/- |
| തോമസ് ജേക്കബ് | 2 | 9/2015-3/2016(7 മാസം) | 16800/- | 117600/- |
| ദാസൻ കെ. എൻ | 3 | 9/2015-3/2016(7 മാസം) | 7300/- | 51100/- |
| ശ്രീജിത്ത് | 4 | 11/2015-3/2016(5 മാസം) | 8700/- | 43500/- |
| ജിജോ ജോസഫ് | 5 | 9/2015-3/2016(7 മാസം) | 7500/- | 52500/- |
| സോമൻ പി. വി. | 6 | 9/2015-3/2016(7 മാസം) | 7300/- | 51100/- |
| മാത്യു കെ. ഡി | 7 | 9/2015-3/2016(7 മാസം) | 7300/- | 51100/- |
| ബിലാൽ കെ. എസ് | 8 | 11/2015-3/2016(5 മാസം) | 5500/- | 27500/- |
| ആകെ | | | | 534400/- |

മേൽപറഞ്ഞ കുത്തകക്കാരിൽ നിന്നും 2014-15 വർഷം 8 ലക്ഷം രൂപ വീതം ആകെ 64 ലക്ഷം രൂപ സെക്യൂരിറ്റി നിക്ഷേപം വാങ്ങിയാണ് മുറികൾ വാടകയ്ക്ക് നൽകിയത്. ടി കുത്തകക്കാരുടെ 6 മാസത്തെ കുടിശിക എഴുതിത്തള്ളുന്നതിനുള്ള നടപടികൾക്കായി പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ അനുമതിക്ക് ശുപാർശ ചെയ്യുന്നതിന് പഞ്ചായത്ത് ഭരണസമിതി 02.07.2015-ലെ 30(1)-ാം നമ്പരായി തീരുമാനിച്ചിരുന്നു. മേൽകുടിശിക കൂടാതെ 2015-16 വർഷം കരാർ പുതുക്കി തുടരുന്ന കുത്തകക്കാരിൽ നിന്നും 3,18,163/- രൂപ വാടക കുടിശികയിനത്തിൽ ലഭിക്കാനുമുണ്ട്. ഇതിൽ ചില കുത്തകക്കാർ വർഷത്തെ ഭൂരിഭാഗം തുകയും കുടിശികയാക്കി. വാടകയുടെ വ്യവസ്ഥകളുള്ള ബൈ-ലോ യുടെ കരട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. വാടക കരാർ ചമയ്ക്കുമ്പോഴുള്ള വ്യവസ്ഥകൾ പ്രകാരം വാടക എല്ലാ മാസവും മുൻകൂറായി 5-ാം തീയതിക്ക് മുൻപായി അടവാക്കുന്നതിനും 14 ദിവസം കഴിഞ്ഞാൽ വാടകച്ചാർത്ത് അവസാനിപ്പിക്കാൻ കഴിയുമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൻവർഷത്തെ വാടക കുടിശിക 8.5 ലക്ഷം രൂപയിലധികം നിലനിൽക്കുമ്പോൾ സെക്യൂരിറ്റി തുകയിൽ തട്ടിക്കിഴിച്ച് കുത്തകക്കാരെ ഒഴിപ്പിച്ചിട്ടില്ല. വാടക കുടിശിക വിഷയത്തിലുള്ള പഞ്ചായത്തിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/16.12.2016) മറുപടിയിൽ കുറവിലങ്ങാട് പഞ്ചായത്ത് പുതിയ ഷോപ്പിങ്ങ് കോംപ്ലെക്സ് യഥാസമയം നിർമ്മാണം പൂർത്തീകരിച്ച് നൽകാത്തതിനാൽ 6 മാസത്തെ വാടക ഇളവോ 2 വർഷത്തെ സെക്യൂരിറ്റി നിക്ഷേപത്തുകയുടെ പലിശയോ നൽകണമെന്ന് കുത്തകക്കാരുടെ ആക്ഷേപത്തിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടറുടെ അനുമതി ആവശ്യമുള്ളതിനാൽ വ്യവഹാരം നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല എന്ന് അറിയിച്ചു. അതിനാലാണ് കുത്തകക്കാരെ ഒഴിപ്പിക്കാത്തത് എന്നും മറ്റു കുത്തകക്കാരുടെ കുടിശികയായ 3,18,163/- രൂപയിൽ 1,60,512/- രൂപ 2016-17 വർഷം ലഭിച്ചതായും പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിക്കനുസരിച്ച് കുടിശിക വരുത്തിയ കുത്തകക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. ഈ വിഷയത്തിലെ നടപടിക്രമങ്ങൾ എല്ലാം അടിയന്തിരമായി പൂർത്തിയാക്കി കുത്തകക്കാരുടെ വാടക കുടിശിക ഈടാക്കി ഓഡിറ്റിനെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-8 വാടക സെക്യൂരിറ്റി നിക്ഷേപം വാടകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിക്കുന്നില്ല

പഞ്ചാത്തിൽ വാടക സെക്യൂരിറ്റി നിക്ഷേപം 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം 21,62,344/- രൂപയാണ്( സാംഖ്യ കണക്ക് ശീർഷകം-340200101). എന്നാൽ ബസ് സ്റ്റാന്റ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 8 മുറികൾ ലേലം ചെയ്തപ്പോൾ വാടക സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച 64 ലക്ഷം രൂപ ലേല സെക്യൂരിറ്റി തുകയിലാണ് ( സാംഖ്യ കണക്ക് ശീർഷകം-340100203) അക്കൗണ്ട് ചെയ്തിട്ടുള്ളത്. വാടക ഡിമാന്റ് രജിസ്റ്ററിൽ എല്ലാ മുറികളുടെയും സെക്യൂരിറ്റി നിക്ഷേപത്തുക രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

79 മുറികളാണ് പഞ്ചായത്ത് 2015-16 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. വാടക സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളുള്ള ബൈ-ലോ നിലവിലില്ല. വാടക വർദ്ധിപ്പിക്കുന്നതിനനുസരിച്ച് (വർഷം-5%) സെക്യൂരിറ്റി തുകയിൽ വർദ്ധനവ് വരുത്താത്തതിനാൽ കുത്തകക്കാരൻ കരാർ ഒഴിയുമ്പോൾ അയാളുടെ ബാധ്യത ഈടാക്കാൻ കഴിയാതെ വരുന്നു. തൻവർഷം വാടകക്കുടിശിക വരുത്തിയ ഏതാനും കുത്തകക്കാരിൽ നിന്നും കുടിശിക തട്ടിക്കിഴിക്കാൻ സെക്യൂരിറ്റി നിക്ഷേപം പര്യാപ്തമല്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കുത്തകക്കാരൻ/മുറി നം./ ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | കുടിശിക കാലയളവ് | ആകെ കുടിശിക | സെക്യൂരിറ്റി (ഡിമാന്റ് രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|
| 1 | ഐവി കെ. എസ്./FF2/നം.7 | 2015-16 മുഴുവൻ | 1303*12=15636 | 10,000/- |
| 2 | റിൻസ് തോമസ്/നം.62 | 5/2015-3/2016 | 3686*11=40546 | 25,000/- |
| 3 | ബന്നി ജോസഫ്/441/നം.63 | 2015-16 മുഴുവൻ | 1103*12=13236 | 10,000/- |

ക്രമ നം.1-ൽ സൂചിപ്പിച്ച കുത്തകക്കാരനെ തുടർവർഷം ഒഴിപ്പിച്ച് മുറി ലേലം ചെയ്തതായി കാണുന്നു. ടിയാളുടെ ബാധ്യത ഈടാക്കാൻ ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിലുള്ള സെക്യൂരിറ്റി നിക്ഷേപം പര്യാപ്തമല്ല. ആയതിനാൽ ടിയാളുടെ വാടകയിനത്തിൽത്തന്നെ പഞ്ചായത്ത് ഫണ്ടിന് 2015-16 ൽ 5636/- രൂപയുടെ നഷ്ടമുണ്ടായി. ക്രമ നം.2,3 കുത്തകക്കാരുടെ സെക്യൂരിറ്റി നിക്ഷേപവും അവരുടെ ബാധ്യതകൾ തട്ടിക്കിഴിക്കാൻ പര്യാപ്തമല്ല. വാടക സെക്യൂരിറ്റി നിക്ഷേപത്തിൽ കാലാകാലങ്ങളിൽ വർദ്ധന വരുത്താത്തതിനാലാണ് പഞ്ചായത്ത് ഫണ്ടിന് ഇത്തരത്തിൽ നഷ്ടം സംഭവിക്കുന്നത്. മേൽപറഞ്ഞതു കൂടാതെ പല കുത്തകക്കാരും വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിൽ ഒടുക്കിയ

സെക്യൂരിറ്റി നിക്ഷേപം നിലവിലെ മാസവാടകയുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവായി കാണുന്നു. എല്ലാ കുത്തകക്കാരുടെയും സെക്യൂരിറ്റി നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രജിസ്റ്ററിലെ കണക്കുകളുടെ കൃത്യത വ്യക്തമല്ല.

ഈ വിഷയത്തിലുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.7/17.12.2016) പഞ്ചായത്ത് നൽകിയ മറുപടിയിൽ വാടക സെക്യൂരിറ്റി നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും നിലവിലുള്ള എല്ലാ കുത്തകക്കാരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം വാങ്ങിയിട്ടില്ല എന്നും അറിയിച്ചു. കുത്തക അവസാനിപ്പിച്ച് ഒഴിപ്പിക്കപ്പെട്ട് ഐവി കെ.എസ്. എന്ന വ്യക്തിയുടെ 2015-16 ലെ കുടിശിക വാടക 15,636/- രൂപയാണ്. സെക്യൂരിറ്റി നിക്ഷേപത്തുകയായ 10,000/- രൂപ വാടക കുടിശികയിനത്തിലുള്ള വരവായി മാറ്റി സാംഖ്യയിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. വാടകയിനത്തിൽ നഷ്ടം വന്ന 5636/- രൂപ ടി വ്യക്തിയിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി കുടിശിക തീർപ്പാക്കേണ്ടതാണ്. ക്രമ നം.2,3 പ്രകാരമുള്ള കുത്തകക്കാർ 2016-17 വർഷവും തുടരുന്നതിനാൽ അവരുടെ വാടകക്കുടിശിക അടിയന്തിരമായി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ മുഴുവൻ കുത്തകക്കാരുടെയും സെക്യൂരിറ്റി വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും നിക്ഷേപത്തുകയുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സെക്യൂരിറ്റി നിക്ഷേപത്തുക കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കേണ്ടതാണ്. ഈ വിഷയത്തിൽ നിർദ്ദേശിച്ച നടപടികൾ പൂർത്തിയാക്കി എല്ലാ വിശദാംശങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ഡി & ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത-തനത് വരുമാന നഷ്ടം

കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിന്നും ഡി & ഓ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചതായി കാണുന്നു. 2015-16 വർഷത്തേക്കുള്ള ലൈസൻസിനായി എം.ഡി., കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ-കുറവിലങ്ങാട് എന്ന പേരിൽ 25.03.2015-ൽ സമർപ്പിച്ച അപേക്ഷയിൽ 6 ലക്ഷം രൂപയാണ് ഒരു ദിവസത്തെ വിറ്റുവരവായി സൂചിപ്പിച്ചിട്ടുള്ളത്. 1996-ലെകേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-7 പ്രകാരം ഒരു ലക്ഷം രൂപയിലധികം ശരാശരി ദിവസ വിറ്റുവരവുള്ള വ്യവസായങ്ങൾക്ക് പരമാവധി ലൈസൻസ് ഫീസായ 4000/- രൂപ ചുമത്താവുന്നതാണ്. എന്നാൽ മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും(ഡിമാന്റ് രജിസ്റ്റർ ക്രമ നം.37) 1000/- രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത് (രസീത് നം.11403105904/26.03.2015).
ലൈസൻസ് ഫീസിൽ 3000/- രൂപയുടെ നഷ്ടമുണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ അന്വേഷണത്തിന് (നം.8/19.12.2016) മറുപടി ലഭിച്ചില്ല. ടി തുക കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ-കുറവിലങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നോ ഡിമാന്റിൽ അപാകത വരുത്തിയ ടി കാലയളവിലെ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-10 ഉയർന്ന വിറ്റുവരവുള്ള വാണിജ്യങ്ങൾക്ക് പരമാവധി ഡി & ഓ ലൈസൻസ് ഫീസ് ചുമത്തിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താരതമ്യേന ഉയർന്ന വിറ്റുവരവുള്ള വാണിജ്യ സ്ഥാപനങ്ങളായ പെട്രോൾ ബങ്കുകൾ, കരിങ്കൽ ക്വാറികൾ, ഗ്യാസ് ഏജൻസികൾ, ടൈൽ-മാർബിൾ യൂണിറ്റുകൾ തുടങ്ങിയവയ്ക്ക് പരമാവധി ഡി & ഓ ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് തനതു വരുമാന ചോർച്ച സംഭവിക്കുന്നു. 2015-16 ലെ ഡി & ഓ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള മേൽപറഞ്ഞ സ്ഥാപനങ്ങളുടെ വിശദാംശങ്ങളും ഈടാക്കിയ ലൈസൻസ് ഫീസും ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമ | അപേക്ഷ നം. | വാണിജ്യം | അപേക്ഷ പ്രകാരം ദിവസ വിറ്റുവരവ് | ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | ടെറിറ്റോറിയൽ മാനേജർ,<br>ഭാരത് പെട്രോളിയം,<br>ഇരുമ്പനം | 9 | പെട്രോൾ പമ്പ് | അപേക്ഷ ലഭ്യമല്ല | 1000/- |
| 2 | സിറിയക് നിധീരി,<br>അറയ്ക്കൽ, കോഴാ | 18 | നിധീരി ഫ്യവൽസ്,<br>പെട്രോൾ പമ്പ് | 30000/- | 1000/- |

| | | | | | |
|---|---|---|---|---|---|
| 3 | റ്റി. വി. ജോർജ്, ഇട്ടതൊട്ടിയിൽ, കുറവിലങ്ങാട് | 61 | സെന്റ് മേരീസ് ഫ്യുവൽസ് പെട്രോൾ പമ്പ് | രേഖപ്പെടുത്തിയിട്ടില്ല | 1000/- |
| 4 | ചാക്കോ തൊമ്മി, പെരുവൻകാലായിൽ, മേമ്മുറി | 49 | പാറമട | 2500/- | 1000/- |
| 5 | ജിമ്മി ജോസഫ്, പാറക്കുന്നേൽ, നസ്രത്ത് ഹിൽ | 216 | പാറമട | 2000/- | 500/- |
| 6 | മാത്യു ജോസഫ്, വരകുകാലായിൽ, കളത്തൂർ | 168 | ഗ്യാസ് ഏജൻസി | രേഖപ്പെടുത്തിയിട്ടില്ല | 1000/- |
| 7 | " | 169 | " | രേഖപ്പെടുത്തിയിട്ടില്ല | 1000/- |
| 8 | ജോർജ് ജോസഫ്, കുഴിവേലിൽ, തിരുവമ്പാടി | 215 | പേവിങ്ങ് ടൈൽസ് | 1000/- | 2000/- |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനായി പഞ്ചായത്ത് അധികൃതർ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടുകൾ അപൂർണമാണ്. റിപ്പോർട്ടിൽ ലൈസൻസ് ഫീസ് നിർണ്ണയിക്കുന്ന മാനദണ്ഡമായ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് ചേർക്കുന്നില്ല. ചില അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതായും കാണുന്നു. 1996-ലെകേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പരമാവധി ലൈസൻസ് ഫീസ് ചുമത്തേണ്ട മേൽപറഞ്ഞ വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ ഫീസ് ഈടാക്കേണ്ടി വന്നത് സ്ഥല പരിശോധനയിൽ സംഭവിച്ച പിഴവായി കാണുന്നു.

പഞ്ചായത്തിന് ടി ഇനത്തിൽ വരുമാന ചോർച്ച സംഭവിച്ചതിനും നടപടികളിലെ അപാകതയ്ക്കും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/19.12.2016) മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ യഥാർത്ഥ വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീസ് കണക്കാക്കി ഈടാക്കേണ്ടതാണ്. സ്ഥലപരിശോധന റിപ്പോർട്ടിൽ വിറ്റുവരവ് ഉൾപ്പെടുത്തേണ്ടതാണ്. പുനർനിർണ്ണയിച്ച ലൈസൻസ് ഫീസ് ഈടാക്കിയശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-11 അബ്കാരി ഷാപ്പുകൾ, സ്വകര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി & ഓ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ഡി & ഓ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള അബ്കാരി ഷാപ്പുകൾ ലൈസൻസ് പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. 1996-ലെകേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം അബ്കാരി ഷാപ്പുകൾക്ക് ലൈസൻസ് നൽകേണ്ടതാണ്(പട്ടിക-1 ലെ ഇനം-139). സ്വകാര്യ ആശുപത്രി-പാരാമെഡിക്കൽ സ്ഥാപന രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം 2015-16 വർഷം 19 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്/പുതുക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾക്ക് ഡി & ഓ ലൈസൻസ് നൽകിയില്ല. മേൽചട്ടത്തിലെ പട്ടിക-1 ലെ ഇനം-142,143 എന്നിവ പ്രകാരം ടി സ്ഥാപനങ്ങളും ലൈസൻസ് പരിധിയിലുൾപ്പെടേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ അബ്കാരി ഷാപ്പുകൾ ഡി & ഓ ലൈസൽസില്ലാതെ പ്രവർത്തിക്കുന്നതും സ്വകാര്യ ആശുപത്രി-പാരാമെഡിക്കൽ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ വരാത്തതും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതിനും മേൽചട്ടങ്ങളുടെ ലംഘനം നടക്കുന്നതിനും ഇടയാക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/14.12.2016) മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളെ ഡി & ഓ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-12 പരസ്യ നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചില്ല

കുറവിലങ്ങാട് ടൗൺ, എം.സി. റോഡ്, വൈക്കം റോഡ്, തീർത്ഥാടന കേന്ദ്രമായ കുറവിലങ്ങാട് മർത്തമറിയം പള്ളിക്ക് സമീപമുള്ള പ്രദേശങ്ങൾ തുടങ്ങിയ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ നിരവധി പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള പരസ്യങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-209 പ്രകാരമുള്ള പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ 2015-16 വർഷം സ്വീകരിച്ചിട്ടില്ല. പരസ്യ നികുതി ചുമത്തുന്നതിന് കുറഞ്ഞ നികുതി സംബന്ധിച്ച നിർദ്ദേശങ്ങൾ 25.07.2002 ലെ സ.ഉ.(പി).128/02/തസ്വഭവ ഉത്തരവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾ ചേർത്ത് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ബൈ-ലോ തയ്യാറാക്കി പരസ്യ നികുതി ചുമത്തുന്നതിനുള്ള നടപടികൾ നിലവിൽ അന്തിമഘട്ടത്തിലാണെന്ന് പഞ്ചായത്ത് സെക്രട്ടറി 21.12.2016-ൽ നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചു. നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പരസ്യ നികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അവധിയിലായിരുന്ന കാലയളവിലെ ഓണറേറിയം കൈപ്പറ്റിയത്-ചട്ടങ്ങൾക്കു വിരുദ്ധം

തനതുഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ തൻവർഷം വൈസ് പ്രസിഡൻറ് ശ്രീമതി ലീലാമ്മ തോമസ് അവധിയിലായിരുന്ന 5 മാസത്തെ (2014 സെപ്റ്റംബർ മുതൽ 2015 ജനവരി വരെ) ഓണറേറിയം 26500-രൂപ (5300*5) ചെക്ക് നം.265448/13-05-2016 പ്രകാരം കൈപ്പറ്റിയിട്ടുണ്ട്.1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾ, ചട്ടം 3ബി പ്രകാരം അവധിയിലായിരിക്കുന്ന കാലത്ത് പ്രസ്തുത അംഗത്തിന് ഓണറേറിയത്തിന് അർഹതയില്ല എന്നിരിക്കെ ചട്ടങ്ങൾക്ക് വിരുദ്ധമായി മെംബർക്ക് ഓണറേറിയം നല്കിയ നടപടി അനുവദനീയമല്ല. ആയതിനാൽ അനർഹമായി കൈപ്പറ്റിയ 26500-രൂപ ബന്ധപ്പെട്ട മെംബറിൽ നിന്നും തിരികെ ഈടാക്കി ഫണ്ടിൽ കുട്ടേണ്ടതാണ്.

## 3-2 തെരുവുവിളക്ക് സ്ഥാപിക്കൽ-അപാകതകൾ-

പ്രോജക്ട് നം.എസ്.0148/16

| അടങ്കൽ | ചെലവ് |
|---|---|
| ലോകബാങ്ക് ധനസഹായം-700000- | 700000-DDNo.822072/25-9-15 |
| തനതുഫണ്ട്-205000- | 200000-DDNo.266022/8-9-15 |
| ആകെ-905000- | 900000- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം തിരുവനന്തപുരം സിഡ്കോയിൽ നിന്നും 650000- ചെലവഴിച്ച് ഒരു ഹൈമാസ്റ്റ് ലൈറ്റും250000-ചെലവഴിച്ച് 6 സോളാർ ലൈറ്റ് സിസ്റ്റവും (ആകെ ചെലവ് 900000-) വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ടാണ് സിഡ്കോയിൽ നിന്ന് വാങ്ങിയത്.ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 ലെ ഉത്തരവ് നം. G2-44274/2015 ൽ നിർദ്ദേശിക്കുംപ്രകാരമുള്ള തെരുവുവിളക്കു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. ഇക്കാരണങ്ങളാൽ ചെലവുതുക 900000- തടസ്സപ്പെടുത്തുന്നു.

## 3-3 ഇ-സാക്ഷരത- തുടർപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല-

പ്രോജക്ട് നം.110/16

ഇ-സാക്ഷരത

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി.

| അടങ്കൽ | ചെലവ് |
|---|---|
| തനതുഫണ്ട്- 100000- | 45770- |
| എക്സ്റ്റേണലി എയ്ഡഡ്-500000 | 100000- |
| ആകെ-600000- | 145770- |

ഗ്രാമവാസികളിൽ അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുന്നതിന് പി.എൻ.പണിക്കർ ഫൗണ്ടേഷന്റെ സ്പോൺസർഷിപ്പിൽ നടപ്പാക്കിയ പദ്ധതിയാണ് ഇ-സാക്ഷരത. ഓരോ വാർഡിൽ നിന്നും സന്നദ്ധസേവനത്തിനു തയ്യാറായവരെ സർവ്വേ വഴി തെരഞ്ഞെടുത്ത് കോർഡിനേറ്റർമാരായി നിയമിച്ച് വാർഡ്തലത്തിൽ പരിശീലനം നൽകുകയാണ് ചെയ്തത്. പദ്ധതി പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്ന് 14 ടാബ് വാങ്ങി കോർഡിനേറ്റർമാർക്ക് നൽകുകയും പദ്ധതിയുടെ പ്രചാരണാർത്ഥം നോട്ടീസ് വിതരണം ചെയ്യുകയും പരിശീലനപരിപാടിയ്ക്കായി ഓരോ മാസവും സിം ചാർജ്ജ് ചെയ്യുകയുമാണ് തൻവർഷം ചെയ്ത പ്രവർത്തനങ്ങൾ. എന്നാൽ പദ്ധതിയുടെ തുടർനടത്തിപ്പിനായി പി.എൻ.പണിക്കർ ഫൗണ്ടേഷനിൽ നിന്നും ധനസഹായമോ തുടർനിർദ്ദേശങ്ങളോ ലഭ്യമാകാത്തതിനാൽ നിലവിൽ പദ്ധതി നിശ്ചലാവസ്ഥയിലാണ്. മാത്രമല്ല വിതരണം ചെയ്ത ടാബുകളിൽ ചിലവ കേടായതായി ചില കോർഡിനേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. തനതുഫണ്ടിൽ നിന്നും ഭീമമായ ചെലവു വന്നിട്ടില്ലായെങ്കിൽകൂടി പദ്ധതിയ്ക്കായി വാങ്ങിയ ടാബുകൾ നഷ്ടപ്പെടാതിരിക്കാനും പദ്ധതിലക്ഷ്യം കൈവരിയ്ക്കുന്നതിനും ഊർജ്ജിതനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല

പ്രോജക്ട് നം -14/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -എം.ഒ ,സി.എച്ച്.സി

ബിൽ നം -9/30.3.16

പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിൽ വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ഡി.ഡി.നം.564383/31.3.16 മുഖേന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 49999 രൂപ നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|
| വീൽ ചെയർ | 4 | 4200 | 16800 |
| എയർ ബെഡ് | 5 | 2600 | 13000 |
| ഡയപ്പർ (അഡൾറ്റ്) | 155 | 33.60 | 5200 |
| Folly catheter-18 | 100 | 50 | 5000 |
| Folly catheter-20 | 100 | 50 | 5000 |
| Uricond large | 128 | 10 | 1280 |
| വാക്കർ | 3 | 910 | 2730 |
| നികുതി | | | 989 |
| ആകെ | | | 49999 |

എന്നാൽ എയർ ബെഡും ഡയപ്പറും ഒഴികെയുള്ള സാധനങ്ങൾ ഒന്നും നാളിതുവരെ ലഭിച്ചി

ട്ടില്ല. ആയതിനാൽ ലഭിക്കാത്ത സാധനങ്ങൾക്കായി ചെലവഴിച്ച 31435 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ആശ്രയ ഒന്നാം ഘട്ടം നിശ്ചലാവസ്ഥയിൽ

അശരണരും അഗതികളുമായ 47 പേർക്ക് സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 2006ൽ ആരംഭിച്ച 1പ്രോജക്റ്റ് നിലവിൽ നിശ്ചലാവസ്ഥയിലാണ്. പ്രസ്തുത പ്രോജക്ടിനായി ആരംഭിച്ച അക്കൗണ്ടിൽ 21.7.16 ൽ 120407 രൂപ ബാലൻസ് ഉണ്ട്. ടി ഗുണഭോക്താക്കൾക്ക് 2012വരെ മാത്രമേ സേവനങ്ങൾ നല്കിയിട്ടുള്ളൂ. അതിനു ശേഷം യാതൊരു സേവനങ്ങളും നല്കിയിട്ടില്ല. തുടർ പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണത്താലാണ് സേവനങ്ങൾ ഗുണഭോക്താക്കൾക്ക് നല്കാത്തത്. തുടർപ്രോജക്റ്റ് തയ്യാറാക്കാനുള്ള സർവ്വേ നാളിതുവരെ ആരംഭിച്ചിട്ടുമില്ല.120407 രൂപ അക്കൗണ്ടിൽ ബാലൻസ് നിൽക്കെ നിർദ്ധനരും അഗതികളുമായവർക്ക് ഭക്ഷണവും മരുന്നും തുടർപ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതുവരെ നല്കാതിരിക്കുന്ന നടപടി തികച്ചും ശോചനീയമാണ്. ആയതിനാൽ ഗുണഭോക്താക്കളുടെ അതിജീവന ആവശ്യങ്ങളായ ഭക്ഷണം മരുന്ന് എന്നിവ മുടക്കം കൂടാതെ ലഭ്യമാക്കാൻ അക്കൗണ്ടിൽ ബാലൻസ് നില്ക്കുന്ന ഫണ്ട് അടിയന്തിരമായി വിനിയോഗിക്കേണ്ടതാണ്. തുടർ പ്രോജക്ടിനുള്ള സർവ്വേ അടിയന്തിരമായി നടത്തി അംഗീകാരം വാങ്ങി ടി ഗുണഭോക്താക്കളുടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തേണ്ടതാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പദ്ധതിപ്രകാരം 2015-16 ൽ 153 വേലകൾ വിഭാവനം ചെയ്തിരുന്നെങ്കിലും 116 എണ്ണമാണ് തുടങ്ങാനും പൂർത്തിയാക്കാനും കഴിഞ്ഞത്. പദ്ധതിവഴി ആകെ 67159 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. 14 വാർഡുകളിലായി 148 അയൽക്കൂട്ടങ്ങളും 1052 കുടുംബങ്ങളും പദ്ധതിയുടെ ഭാഗമായി. ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽദിനങ്ങൾ 67 ആണ്. 100 തൊഴിൽദിനങ്ങൾ 410 കുടുംബങ്ങൾക്ക് ലഭിച്ചു. കാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 13,454,625 |
| പലിശ വരവ് | 1,424 |
| ആകെ വരവ് | 13,456,049 |
| ചെലവ് | 13,454,093 |
| തിരികെ അടച്ചത് | 0 |
| നീക്കിയിരിപ്പ് | 1956 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 12.02.2016 | 50000/- | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സഹായം | 50000/- | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല-

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

തൻവർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 60,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം സ്വീകരിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്- സമ്പൂർണ്ണ ഭവനപദ്ധതി | ജി.ഒ(എം.എസ്)നം. 637/2010 /ത.സ്വ.ഭ.വ, തീയതി- 25.02.2010 | 80,77,500 | 31,53,750/- | 60,000/- | 9,35,135/- | - | 22,78,615/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

-ഇല്ല-

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷം ലഭിച്ച 12000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം. തിയ്യതി |
|---|---|---|---|---|
| 2013-14 | 2-3 | 12000/- | കെ. എം. തോമസ് | 11503102288<br>10.12.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | പൊതു അവലോകനം | 2009-10 | 2-1 | കാഷ്ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച | 30.09.2013 ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35391683/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4312657 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 8636 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 931435 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-8 | 5636 | | 2818 രൂപ ശ്രീ. സി.ഇ. വിജയൻനായർ, സെക്രട്ടറി, (റിട്ട)<br>2818 രൂപ ശ്രീ സജിത്ത് മാത്യൂസ്, സെക്രട്ടറി |
| 2-9 | 3000 | | ശ്രീ. സി.ഇ. വിജയൻ നായർ, സെക്രട്ടറി |
| 3-1 | | 26500 | ശ്രീ. സി.ഇ. വിജയൻ നായർ, സെക്രട്ടറി |
| ആകെ | 8636 | 26500 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 900000 | ശ്രീ. സജിത്ത് മാത്യൂസ്, സെക്രട്ടറി |
| 3-4 | 31435 | ഡോ. ആശിഷ് ടി. , മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | 931435 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി.ഇ. വിജയൻ നായർ, സെക്രട്ടറി | വിരമിച്ചു | കിഴക്കേടത്ത്, കോഴിപ്പള്ളി, കൂത്താട്ടുകുളം, 686662 |
| ശ്രീ. സജിത്ത് മാത്യൂസ്, സെക്രട്ടറി | ഗ്രാമപഞ്ചായത്ത് ഓഫീസ്, കുറവിലങ്ങാട് | തെങ്ങുംമൂട്ടിൽ, വെള്ളയാംകുടി പി.ഒ., കട്ടപ്പന 685515 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-1997(വരവ്) | എൽ.എഫ്.കെ.പി 10/149/08, 15.12.2008 |
| 1997-98 | എൽ.എഫ്.കെ.പി 10/150/08, 15.12.2008 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി 10/151/08, 15.12.2008 |
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2000-01 | എൽ.എഫ്.കെ.പി 1/190അദാ/എ5എ11, 29.08.2011 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി- 4/56/16, 23.04.2016 |
| 2007-08 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2008-09 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2009-10 | എൽ.എഫ്.കെ.പി 4/355/13, 4.5.2013 |
| 2010-11, 2011-12 | എൽ.എഫ്.കെ.പി 4/257/13/20.8.16 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14, 9.1.2015 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി- 4/1132/16, 20.8.2016 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/1122/2016 തീയതി-03.08.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16

കെ.എസ്.എ.കെ.ടി.എം പി4/1963/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം
ഫോൺ നം. 0481-2564886
ഇ-മെയിൽ – doktm.ksad@kerala.gov.in

തീയതി – 30.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം